5

# സത്യം

*സത്യം!* പ്രശ്നം സത്യം അല്ല; പ്രശ്നം ദൈവം ആണ്. ഉന്നതനും, മാറ്റമില്ലാത്തവനുമായ ദൈവമാണ് തികഞ്ഞ എല്ലാ സത്യത്തിന്റേയും സൃഷ്ടാവ്. ദൈവമില്ലെങ്കിൽ, പിന്നെ സത്യത്തിനു നിലനിൽപ്പില്ല. നമുക്ക് അഭിപ്രായങ്ങളും, വികാരങ്ങളും, ദുരഭിമാനവുമെല്ലാം ഉായേക്കാം; പക്ഷെ ദൈവത്തെ കൂടാതെ, അവയ്ക്കു ഒരു നിലവാരവുമില്ല. ദൈവത്തെ കൂടാതെ, ധാർമ്മികത നിലനില്ക്കുകയില്ല. ദൈവമില്ലെങ്കിൽ, പിന്നെ ജീവിതത്തിനു തന്നെ അർത്ഥമില്ല - ഉദ്ദേശമില്ല, മുൻഗണനയില്ല, ലക്ഷ്യസ്ഥാനവുമില്ല.

ചിന്തിക്കുന്നതിനുപകരം മരിക്കുവാനാണ് നമ്മുടെ സംസ്ക്കാരം ഇഷ്ടപ്പെടുന്നത്. “തികഞ്ഞ സത്യം എന്ന ഒന്നില്ല” എന്ന ആശയം 70 ശതമാനം ആളുകളും ഇന്നു വിശ്വസിച്ചിരിക്കുകയാണ്. “തികഞ്ഞ സത്യം എന്ന ഒന്നില്ല” എന്നതു മാത്രമാണ് സത്യം എന്നവർ വിശ്വസിക്കുന്നു. അവരെ സംബന്ധിച്ച്, “നിങ്ങൾക്ക് അറിയുവാൻ കഴിയുകയില്ല എന്നതു മാത്രമാണ് നിങ്ങൾക്ക് അറിയാവുന്നത്.” സത്യത്തെ സ്നേഹിക്കാതിരിക്കുന്നതും ആശ്രയിക്കാതിരിക്കുന്നതും എന്നേക്കു മായി ആത്മഹത്യ ചെയ്യുന്നതാണ്. കിഴക്ക് പടിഞ്ഞാറായും, പടിഞ്ഞാറു കിഴക്കായും, മുകൾ ഭാഗം താഴെ ആയും ചിന്തിക്കുന്നതു ഭ്രാന്താണ്! നിങ്ങൾ ഡയൽ ചെയ്യുന്ന അക്കങ്ങളെല്ലാം ശരിയല്ലെങ്കിൽ ഏഴക്കമുള്ള ഫോൺ നമ്പർ പോലും നിങ്ങൾക്കു ഡയൽ ചെയ്യുവാൻ സാധിച്ചെന്നുവരില്ല! സത്യം പറഞ്ഞാൽ മാത്രമേ ഉപദേശകന്മാർക്കും, ഡോക്ടർമാർക്കും, ഉപദേഷ്ടാക്കന്മാർക്കും, അവരുടെ കക്ഷികളെയോ രോഗികളെയോ സഹായിക്കുവാൻ കഴിയൂ. കോടതിയിൽ വിചാരണക്ക് ഒരാൾ പ്രതിജ്ഞ ചെയ്യുന്നത് “സത്യമേ പറയൂ, തികഞ്ഞ സത്യമല്ലാതെ, മറ്റൊന്നും പറയില്ല” എന്നാണ്. നാം നിരാശയിൽ, “എന്നോടു സത്യം തുറന്നു പറയണം” എന്നു, ഡോക്ടറോടു ആവശ്യപ്പെടും. സത്യത്തെ ആസ്പദമാക്കിയാണ് വ്യക്തികളുടേയും സമൂഹത്തിന്റേയും ആത്മാർ ത്ഥത കണക്കാക്കുന്നത്. പൂർണ്ണമായ സത്യമില്ലെങ്കിൽ, പൂർണ്ണമായ ഭോഷ്ക്കുമില്ല! സത്യത്തെ ഭയമില്ലാത്തവർ ഭോഷ്ക്കിനേയും ഭയപ്പെടുകയില്ല. സത്യത്തിനുവേിയുള്ള അന്വേഷണമാണ് ജീവിതത്തിന്റെ ഉദ്ദേശം - അതു പ്രസ്താവരൂപമായതും, വസ്തുനിഷ്ഠമായതും, പൂർണ്ണമായതുമായ സത്യമാണ്! സത്യത്തിനു വേിയുള്ള താല്പര്യമാണ് ശാസ്ത്രത്തിനു ആവശ്യം. വൈദ്യമേഖലക്കും സത്യത്തിനുവേിയുള്ള അത്യുൽസാഹമാണ് വേത്. ജീവിതത്തിനും വേതു സത്യത്തോടുള്ള താല്പര്യമാണ്.

യേശു പറഞ്ഞു, “... ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ...” (യോഹന്നാൻ 14:6); “നിങ്ങൾ സത്യം അറിയുകയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും” (യോഹന്നാൻ 8:32). ദൈവം സത്യത്തിന്റെ ദൈവം ആണ്.

വചനം ജഡമായിതീർന്നു, കൃപയും സത്യവും നിറഞ്ഞവനായി,
നമ്മുടെ ഇടയിൽ പാർത്തു, ഞങ്ങൾ അവന്റെ തേജസ്, പിതാവിൽനിന്നു

ഏകജാതനായവന്റെ തേജസായി കു (യോഹന്നാൻ 1:14).

കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം വന്നു (യോഹന്നാൻ 1:17).

"സത്യത്താൽ അവരെ ശുദ്ധീകരിക്കേണമേ: നിന്റെ വചനം സത്യമാകുന്നു" (യോഹന്നാൻ 17:17).

സ്നേഹത്തിൽ സത്യം സംസാരിപ്പിൻ (എഫെസ്യർ 4:15).

"സത്യത്തിന്റെ ആത്മാവു, വരുമ്പോഴോ, അവൻ നിങ്ങളെ, സകല സത്യത്തിലും വഴി നടത്തും" (യോഹന്നാൻ 16:13).

സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ ആലയം (1 തിമൊഥെയൊസ് 3:15).

സത്യം എന്നത് ക്രിസ്തീയജീവിതത്തിനുവേ അടിസ്ഥാനമാണ്. ദിവസേനയുള്ള നടപ്പ് "സത്യത്തിലുള്ള നടപ്പാണ്." സത്യത്തെ ശ്രദ്ധിക്കാതിരിക്കുന്നതു ദൈവത്തെ ശ്രദ്ധിക്കാതിരിക്കുന്നതിനു തുല്യമാണ്. യേശുക്രിസ്തു എന്ന – വ്യക്തിയാണ് സത്യം. ദൈവം സത്യത്തിന്റെദൈവമാണ്. ദൈവം നമ്മെ സ്നേഹിക്കുന്നതുകൊ്, അവൻ നമ്മോടു സത്യമേ പറയൂ. നാം സത്യത്തെ അറിയുവാനും, വിശ്വസിക്കുവാനും, അനുസരിക്കുവാനുമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം വികാരങ്ങളുടേയോ, നിഗൂഢാനുഭവങ്ങളുടേയോ, തെറ്റിദ്ധാരണയുടേയോ ദൈവമല്ല. ദൈവത്തിലുള്ള വിശ്വാസം എന്നത് സാമാന്യ ബുദ്ധിയുടെയും വിശ്വസിക്കത്തക്ക തെളിവുകളുടെയും അടിസ്ഥാനത്തിലുള്ള യുക്തിപരമായ വിശ്വാസമാണ്. വികാരം സത്യത്തിനു പകരമല്ല. ആരും വിശ്വസിച്ചില്ലെങ്കിലും, സത്യം സത്യം തന്നെയാണ്! സത്യത്തെ തരംതാഴ്ത്തി നിങ്ങൾക്ക് ഐക്യത കൈവരിക്കുവാൻ സാധ്യമല്ല. "സത്യം-ഇല്ലാത്ത മേഖലയാണ്" ഇന്നു നമ്മുടെ സംസ് ക്കാരം. നമ്മുടെ സംസ്ക്കാരം നിയന്ത്രണാതീതവുമാണ്!

നാം കേൾക്കുകയും, പഠിക്കുകയും, ജീവിക്കയും ചെയ്യണം. സത്യത്തെ പോലെ മറ്റൊരു വസ്തു ഇല്ല. അടുത്ത സമയത്ത്, ഒരു പരസ്യവേദിയിൽ, ഒരു പ്രാസംഗികനോടു അയാൾക്കു തെറ്റു പറ്റാനിടയുോ എന്ന് ചോദിക്കുകയുായി. അയാൾ ആദ്യം, "ഉവ്വ്" എന്നും ... പിന്നെ "ഇല്ല" എന്നും പറഞ്ഞു. ആ ചോദ്യത്തിന്റെ ഉദ്ദേശം എന്തായിരുന്നു? എല്ലാവർക്കും തെറ്റു പറ്റുവാനിടയുള്ളതുകൊ്, ആരും ശരിയല്ല എന്നതാണ്. എനിക്ക് അറിയുവാൻ സാധ്യമല്ല എന്നതു മാത്രമാണ് എനിക്ക് അറിയാവുന്നതെങ്കിൽ, പിന്നെ ജീവിതം സുരക്ഷിതത്വമുള്ളതായിരിക്കുകയില്ല നാം കാഴ്ച്ചയാലല്ല, വിശ്വാസത്താലാണ് നടക്കുന്നത്. എങ്കിലും നമ്മുടെ സംസ്ക്കാരം തീർച്ചപ്പെടുത്തുന്നത് "നാം സ്വർഗവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു" എന്നാണ്. അവർക്ക് ആ അറിവ് എങ്ങനെ കിട്ടി? വിശ്വാസത്താൽ നമുക്ക് ചില കാര്യങ്ങൾ അറിയുവാൻ കഴിയും. നമുക്ക് അറിയുവാൻ പറ്റുന്നതു നമുക്ക് അറിയാം എന്നാണ് ലൂക്കൊസ് എഴുതിയത് (ലൂക്കൊസ് 1:1–4). നിത്യജീവൻ നമുക്ക് അറിയാമെന്നാണ് യോഹന്നാൻ പറഞ്ഞത് (1 യോഹന്നാൻ 5:11–13). എല്ലാം അറിയാതിരിക്കുന്നതിന്റെ അർത്ഥം

ചിലതു അറിയുന്നില്ല എന്നല്ല! ക്രിസ്ത്യാനിത്വം ചിന്തിക്കുന്നതിനേക്കാൾ ഉപരിയാണ്; അത് "ചിന്തിക്കാതിരിക്കുന്ന"തിനേക്കാളും വളരെ ഉപരിയാണ്. ശരിയായതിനോടുള്ള ചേരലാണ് സത്യം. ശരിയാണ്, എനിക്ക് തെറ്റ് പറ്റാനിടയു ് - അതേസമയം എനിക്ക് ശരിയാകുവാനും കഴിയും. ഏഴ് "ഒന്നിനെ" കുറിച്ച് പൗലൊസ് എഫെസ്യർ 4:1-6 ൽ പറയുന്നു. *അവിടെയാണ് നാം നിൽക്കുന്നത്!*

നമുക്ക് എല്ലാവർക്കും പ്രാർത്ഥിക്കാവുന്നതും ഉത്തരം നൽകാവുന്നതുമായ ഒരു പ്രാർത്ഥനയാണ് ഫർമാൻ കിയർലേ ദിവസവും പ്രാർ ത്ഥിച്ചിരുന്നത്: "കർത്താവേ, സത്യത്തെ സ്നേഹിക്കുവാനും, സത്യ ത്തെ അന്വേഷിക്കുവാനും, സത്യത്തെ കത്തെുവാനും, സത്യത്തെ വിശ്വസിക്കുവാനും, സത്യത്തെ അനുസരിക്കുവാനും, സത്യത്തെ പഠിപ്പിക്കുവാനും, സത്യത്തിൽ യോജിച്ചിരിപ്പാനും ഞങ്ങളെ സഹായിക്കേണമേ." *ആമേൻ!* സ്നേഹത്തിൽ സത്യപ്രകാരം ജീവിക്കുന്നതാണ് നമ്മുടെ മഹത്തായ നേട്ടം.

**************

# സഭ

## എഫെസ്യർ 5:21 - 33

> "സർവ്വവും അവന്റെ കാൽക്കീഴാക്കി വെച്ചു, അവനെ *സർവ്വത്തിനും മീതെ തലയാക്കി,* എല്ലാറ്റിലും എല്ലാം നിറക്കുന്നവന്റെ *നിറവായിരിക്കുന്ന, അവന്റെ ശരീരമായ സഭക്കു കൊടുക്കയും ചെയ്തിരിക്കുന്നു"*
> (എഫെസ്യർ 1:22, 23).

ദൈവത്തിന്റെ സഭയെ നമ്മുടെ സംസ്ക്കാരം എങ്ങനെ കിരിക്കുന്നു എന്നോർക്കുമ്പോൾ ഹൃദയവേദനയോടും കണ്ണുനീരോടും കൂടെയാണ് ഈ പാഠം എഴുതുന്നത്. സഭ "രാഷ്ട്രീയപരമായി ശരി"അല്ല. അത് "അകത്ത്" അല്ല; "പുറത്ത്" ആണ്. ലോകം സഭയെ വെറുക്കുന്നു; ലോകം സഭയെ പരിഹസിക്കുന്നു. സഹിഷ്ണുതയെ ഉയർത്തുവാനാഗ്രഹിക്കുന്നവർ മൂന്നു കാര്യങ്ങളിൽ അസഹിഷ്ണുത കാണിക്കുന്നവരാണ്: (1) പൊണ്ണതടിയന്മാർ, (2) പരീശന്മാർ, (3) സഭ. തിരക്കുപിടിച്ച ലോകത്തിനു സഭ പ്രാധാന്യമുള്ളതല്ല. എങ്ങനെയായാലും, ലോകത്തിനു പ്രാധാന്യമുള്ളതാകേതിന്, ലോകത്തിൽനിന്നു സഭ വ്യത്യസ്തമായിരിക്കണം. പ്രാധാന്യമുള്ളതാവുക എന്നാൽ നിത്യമായവയെ സംബന്ധിക്കുന്നതാണ്. സഭ സംസ്ക്കാര-വിരുദ്ധമായതാണ്. സഭ ലോകത്തിലാണ് എന്നാൽ ലോകത്തിന്റേതല്ല. ലോകപ്രകാരമുള്ള സഭ ഒരു ശാപമാണ്. സഭ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാണ്. അതു വെളിച്ചമാകുന്നതിനു മുമ്പ് ഉപ്പായി തീരണം. സഭയെ വാക്കുകൾ കൊ് ഉപദ്രവിക്കപ്പെട്ടു കഴിഞ്ഞു. ഒരുപക്ഷെ - നാം വിചാരിക്കുന്നതിനേക്കാൾ വേഗത്തിൽ - ശാരീരികമായും അത് ഉപദ്രവിക്കപ്പെടും. നാം അതിനു തയ്യാറായിട്ടുേ ാ? ഇതു "പരിശുദ്ധമായ" ക്രിസ്ത്യാനിത്വത്തിന്റെ കാലമല്ല.

മതവും സഭയെ ത്യജിച്ചിരിക്കയാണ്. അനവധി പേർ വിചാരിക്കുന്നതു,

“ഇന്നു പുതിയനിയമസഭക്കു നിലനില്ക്കുവാൻ കഴിയുകയില്ല. അഥവാ കഴിഞ്ഞാൽ, നാം അതു ആഗ്രഹിക്കുന്നതുമില്ല.” അതെന്തുകൊ് ഇന്നു നിലനില്ക്കുന്നില്ല? ദൈവം ഇപ്പോഴും ദൈവം അല്ലേ? ഇപ്പോഴും ക്രിസ്തുവിന്റെ ക്രൂശ് അല്ലേ സുവിശേഷം? സുവിശേഷം ഇപ്പോഴും രക്ഷിക്കയില്ലേ? ദൈവം “സഭയുടെ കാര്യത്തിൽ” പ്രവേശിച്ചതായി പ്രവൃത്തികൾ 2-ൽ വിവരിക്കുന്നു (പെന്തെകൊസ്തുനാളിൽ). ദൈവം “സഭയുടെ കാര്യത്തിൽ” നിന്നു മാറിയതായി പറയുന്ന ഒരു വാക്യമെങ്കിലും നിങ്ങൾ എനിക്ക് കാണിച്ചു തരിക! നാമധേയവിഭാഗങ്ങളെ പിൻതാങ്ങുന്ന ഒരു വാക്യവും ബൈബിളിലില്ല. ദൈവം “നാമധേയവിഭാഗ കാര്യങ്ങളിൽ” കടന്നിരുന്നില്ല. ദൈവം ആദ്യമായി സഭ സ്ഥാപിച്ചപ്പോൾ, ശരിയായിട്ടാണ് നിർമ്മിച്ചത്. നാമധേയവിഭാഗങ്ങളെല്ലാം മനുഷ്യർ ഉാക്കിയതാണ്. ദൈവം തന്റെ സഭാപ്രവർത്തനങ്ങളിൽ പരാജയപ്പെടുമ്പോൾ മനുഷ്യനു നാമധേയവിഭാഗങ്ങളിൽ എങ്ങനെ വിജയിക്കുവാൻ സാധിക്കും? അത് ഏറ്റവും ഉയർന്ന കല്പനയെ ധിക്കരിക്കുന്നതാണ്! ഞാൻ കർത്താവിന്റെ സഭയിലല്ലാതെ മറ്റൊന്നിലും അംഗമാകുവാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരു നാമധേയവിഭാഗത്തിലും അംഗമാകുവാൻ ആഗ്രഹിക്കുന്നില്ല. രക്ഷിക്കപ്പെടുന്നവരെ കർത്താവ് ഇപ്പോഴും തന്റെ സഭയോടു ചേർത്തുകൊിരിക്കുന്നു (പ്രവൃത്തികൾ 2:41, 47). സത്യത്തെപോലെ തന്നെ, ശരീരം (സഭ) സമയത്തെയും, ആളുകളെയും, സ്ഥലത്തെയും കവിയുന്നതാണ്. രക്ഷിക്കപ്പെട്ടവരാണ് സഭ. സഭ വിട്ടുപോകുമ്പോൾ ദൈവത്തെ വിട്ടുപോകുന്നില്ല എന്നാണ് ആളുകൾ വിചാരിക്കുന്നത്, പക്ഷെ വാസ്തവത്തിൽ അവർ ദൈവത്തെ വിട്ടു കളയുകയാണ്. സഭയെ കുറിച്ചു വ്യക്തമായ ഒരു കാഴ്ച്ചപ്പാടില്ലാതെ നിങ്ങൾക്ക് യേശുവിനെ മനസിലാക്കുവാൻ സാധ്യമല്ല. നാം ഏക സഭയിലാണ് കാരണം ഏകാത്മാവിനാൽ നാം ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുകയാണ്. ക്രിസ്തുവിന്റെ ജീവിതം ഉള്ള സഭയിൽ അംഗമാകുവാനാണ് എനിക്കിഷ്ടം.

1960 മുതൽ മതപരമായ ലോകം അന്തസ്സോടെ പറഞ്ഞു വരുന്നത്, “ഞാൻ യേശുവിനെ സ്നേഹിക്കുന്നു, പക്ഷെ സഭയെ വെറുക്കുന്നു” എന്നാണ്. അതെങ്ങനെ സാധിക്കും? അതു വചനപ്രകാരമുള്ളതല്ല – നിങ്ങൾക്ക് ക്രിസ്തുവിനെ അവന്റെ സഭയിൽ നിന്നു വേർപിരിക്കാവു ന്നതല്ല. അതു നിരർത്ഥകമാണ്. ഒരു ഭർത്താവെന്ന നിലയിൽ, എന്റെ ഭാര്യയെ തള്ളിക്കളഞ്ഞ സ്ഥലത്ത് ഞാൻ പോവുകയില്ല! നിങ്ങൾക്ക് എന്നെ പരിഹസിക്കാം – പക്ഷെ എന്റെ ഭാര്യയെ അരുത്! എന്റെ ഭാര്യ എന്റെ സന്തോഷവും, തേജസുമാണ്! തെറ്റിദ്ധരിക്കപ്പെട്ട വ്യക്തികൾ അഭിമാനത്തോടെ പറയും, “ഞാൻ വിശ്വസിക്കുന്നു, പക്ഷെ ഞാൻ സ്വന്തമായിരിക്കുന്നില്ല.” നിങ്ങൾക്ക് വിശ്വസിക്കുവാനും സ്വന്തമായിരിക്കാതിരിപ്പാനും സാധ്യമല്ല. *വിശ്വാസികൾ സ്വന്തമായിരിക്കും!* ആളുകൾ വിശ്വസിക്കാത്തതുകൊാണ് അവർ സ്വന്തമായിരിക്കാത്തത്. ലോകം ദൈവത്തെ സ്വീകരിക്കണമെങ്കിൽ, ആദ്യം അവനെ സഭയിൽ മഹത്വപ്പെടുത്തണം.

വിവാഹം എന്ന പോലെ, പിൻവാങ്ങാൻ പറ്റാത്തതാണ് സഭയും. ഓരോ ദിവസവും ഓരോ സമൂഹത്തിൽ മറ്റൊരു “സഭ” ഉയരുകയാണ് – അത് പ്രത്യേക ഉപദേശമില്ലാതെ, പേരില്ലാതെ, ചരിത്രമില്ലാതെ, പാരമ്പര്യമില്ലാതെയാണ് തുടങ്ങുന്നത്! അവരുടേതായ സ്വന്തം സഭ ആരംഭിക്കുവാൻ മനുഷ്യന് (അല്ലെങ്കിൽ സംഘങ്ങൾ) എന്ത് അവകാശമാണുള്ളത്? ദൈവം തന്റെ

സഭക്ക് പുറമെ ഒന്നും ചെയ്യുന്നില്ല.

> ഭൂമിയിൽ ദൈവത്തിനു ഒരു കൂട്ടം ആളുകൾ മാത്രമാണുള്ളത്.
> അവൻ അവർക്ക് ഒരു ഗ്രന്ഥം മാത്രമാണ് നല്കിയിട്ടുള്ളത്.
> അവർ ഒരു കുടുംബമായിരിക്കുവാനാണ് അവൻ കല്പിച്ചിട്ടുള്ളത്.

### സഭ ദൈവികമാണ്

"സഭ ദൈവികമാണ്": ഈ പ്രസ്താവന "നിങ്ങളുടെ കാതുകളിൽ മുഴങ്ങട്ടെ" (ലൂക്കൊസ് 9:44). *സഭ ദൈവികമാണ്!* പുതിയനിയമത്തിൽ സഭ വിശുദ്ധമായ സ്ഥാപനമാണ്. ദൈവം സഭയെ സ്നേഹിക്കുന്നു. യേശു സഭയെ സ്നേഹിക്കുന്നു. ഞാൻ സഭയെ സ്നേഹിക്കുന്നു! ദൈവത്തെകുറിച്ചുള്ള സത്യമാണ് സഭ. ദൈവത്തിന്റെ അപ്രമേയമായ ജ്ഞാനം ഇന്നു വെളിപ്പെടുത്തിയിരിക്കുന്നത് തന്റെ സഭയിലാണ് (എഫെസ്യർ 3:9-11). സഭയ്ക്ക് അടിസ്ഥാനം-പാറയും, അതു രക്തത്താൽ വാങ്ങിയിരിക്കുന്നതും, പരിശുദ്ധാത്മാവു-നിറഞ്ഞതും, നരകം-ഇല്ലാത്തതും, സ്വർഗാധിഷ്ഠിതവുമാണ് (മത്തായി 16:13-19 നോക്കുക). സഭ ഏൽപിച്ചുതന്നത് ദൈവത്തിന്റെ ഏറ്റവും വലിയ ദാനം (ക്രിസ്തു) ആയിട്ടാണ് (യോഹന്നാൻ 3:16; 2 കൊരിന്ത്യർ 9:15). ലോകത്തിൽ വെച്ച് ഏറ്റവും വലിയ വില കൊടുത്താണ് സഭ വാങ്ങിയിരിക്കുന്നത് (ക്രിസ്തുവിന്റെ രക്തം; പ്രവൃത്തികൾ 20:28; എഫെസ്യർ 5:25; 1 പത്രൊസ് 1:18, 19). ശരീരമാകുന്ന സഭയുടെ, തല ക്രിസ്തു ആകുന്നു (കൊലൊസ്യർ 1:18). യേശു തനിക്കു തന്നെ തേജസോടെ നിറുത്തിയിരിക്കുന്നതാണ് സഭ (എഫെസ്യർ 5:27). ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധമാണ് ക്രിസ്തുവും അവന്റെ സഭയും തമ്മിലുള്ളത് (എഫെസ്യർ 5:31-33).

പ്രവൃത്തികൾ മുതൽ വെളിപ്പാട് വരെ, പൂർണ്ണമായും ബൈബിൾ കേന്ദ്രീകരിച്ചിരിക്കുന്നത് സഭയിലെ ജീവിതത്തിലാണ്. സഭയെ കൂടാതെ ദൈവം ഒന്നും ചെയ്യുന്നില്ല. യേശുവിനെ അനുഗമിക്കുക എന്നാൽ അവന്റെ സഭക്കു സ്വന്തമായിതീർന്ന് അതിന്റെ അച്ചടക്കത്തിനു കീഴ്പ്പെട്ടിരിക്കുന്നതാണ്. ആത്മാവു ചെയ്യുന്നതു നമുക്ക് ശരീരത്തിൽ മാത്രമേ കാണുവാൻ കഴിയൂ. സഭ ദൈവികമാണ്. "ക്രിസ്തുവില്ലാത്ത സഭ" എന്നതും "സഭയില്ലാത്ത ക്രിസ്തു" എന്നതും തെറ്റാണ്. സഭ എന്നത് ഒരു വ്യക്തിയും (ക്രിസ്തു), ഒരു പ്രഖ്യാപനവും (സുവിശേഷം), ഒരേ ആളുകളും (നാം) ആണ്. സഭയെ ഏറ്റവും അഗാധമായി സ്നേഹിക്കു വാനും നമ്മുടെ മക്കളെ അതിനു പ്രോൽസാഹിപ്പിക്കുവാനും ഇടയാക്കുന്നതാണ് സഭ ദൈവികമാണെന്നുള്ള അറിവ്. ആർക്കാണ് സഭ വേത്? എനിക്ക് വേണം!

### ക്രിസ്ത്യാനിത്വം ഏകോപിച്ചതാണ് (സഭ)

സഭക്കു പുറത്തോ, അല്ലെങ്കിൽ സഭ കൂടാതെയോ, ക്രിസ്ത്യാനിത്വ ത്തിനു ജീവിക്കുവാൻ സാധ്യമല്ല. "ക്രിസ്ത്യാനിത്വം" എന്നത് ഒന്നും "ചർച്ച്യാനിറ്റി" എന്നതു വേറൊന്നും ആകുകയില്ല. ക്രിസ്ത്യാനിത്വം രഹസ്യവും പരസ്യവുമാണ്. ദൈവഭവനം എന്നത് സഭ അല്ലെങ്കിൽ, അതു പിന്നെ എന്താണ്? ഒരു പടയാളിക്ക് സൈന്യത്തെ കൂടാതെ പടയാളിയാകുവാൻ സാധ്യമല്ല. ഒരു സേനയിലെ പടയാളികൾ സംഘമായിട്ടാണ്, അല്ലാതെ ഒറ്റക്കല്ല പ്രവർത്തിക്കുന്നത്. ആത്മിയത ഏകോപിച്ചതാണ്; ക്രിസ്ത്യാനിത്വം ഏകോപിച്ചതാണ്. ഇതിനെ

മതപരമായ ലോകം അടിസ്ഥാനപരമായി അവഗണിക്കയോ തള്ളിക്കളയുകയോ ചെയ്തിരിക്കുന്നു. നിങ്ങളെ സഭയിലേക്കു കൊുവരാത്തതൊന്നും ദൈവത്തിന്റേതല്ല. രക്ഷിക്കപ്പെട്ടവരെ വിളിച്ചിരിക്കുന്നതു ഏക ശരീരത്തിലേക്കാണ്. സഭ എന്നത് ഒരു ശരീരവും, ഒരു ഭവനവും, ഒരു സമൂഹവുമാണ്. നാം ദൈവത്തിന്റെ ജനമാണ്. ക്രിസ്തീയ ജീവിതം തനിയെ ജീവിക്കുവാൻ ഒരിക്കലും ദൈവം ആരെ കുറിച്ചും ആഗ്രഹിച്ചിട്ടില്ല. തിരുവെഴുത്തിലുടനീളം, ദൈവം എല്ലായ്പ്പോഴും തന്റെ ജനത്തെ ഒരു ഏകോപിച്ച അവസ്ഥയിൽ ജീവിക്കുവാനാണ് ആഹ്വാനം ചെയ്തിരിക്കുന്നത്. ദൈവം ആദ്യം അബ്രഹാമിന്റെ കുടുംബത്തെയും, പിന്നെ യിസ്രായേൽ ദേശത്തെയും, ഇപ്പോൾ സഭയേയും തിരഞ്ഞെടുത്തു. സ്വാർത്ഥതക്കുള്ള ഏക ഉത്തരം സമൂഹമാണ്. ക്രിസ്തുവിന്റെ ശരീരത്തിൽ ആരും നഷ്ടപ്പെടുന്നില്ല. നിങ്ങളുടെ ഏകോപിച്ച അവസ്ഥ ശരിയായാൽ, പിന്നെ നിങ്ങളുടെ വ്യക്തിപരമായ ഭാഗം ശരിയായി. സമർപ്പണം വളർത്തിയെടുക്കുന്നതിനു മുൻപുതന്നെ ഒരു സമൂഹം ഉായിരിക്കണം. അംഗങ്ങളെ തികഞ്ഞവരാക്കുവാൻ ശരീരത്തിനു മാത്രമേ കഴിയൂ. രഹസ്യമായ പുകഴ്ത്തൽ പ്രധാനമാണ്, എന്നാൽ വിശ്വസ്തരായവർക്ക് അതു മതിയായതല്ല. ഒരു വ്യക്തി കൂടുതൽ സ്വയം-നിയന്ത്രണത്തിലായാൽ പോലും അയാൾ വാസ്തവത്തിലുള്ള ലക്ഷ്യത്തിൽ എത്തുന്നില്ല.

കായിക വിനോദ മൽസരങ്ങൾക്ക് ധാരാളം ആളുകളും ആവേശങ്ങളും ഉാകും, എന്നാൽ അവ ഒന്നും ഒരു യഥാർത്ഥ സമൂഹത്തെ ഉാക്കുന്നില്ല. അവിടെ വരുന്ന അംഗങ്ങൾ അന്യോന്യം തിരിച്ചറിയുകയോ കരുതുകയോ ചെയ്യുന്നില്ല. നാം ഒരു കൂട്ടമാണ് ... നാം ഒരു സഭ ആകുമോ? ഒരു സമൂഹമെന്ന നിലയിൽ, സഭയ്ക്കു അതിന്റേതായ ഒരു ജീവിതരീതിയു്. നാം *ആരാണെ*ന്നും, *ആർക്കുള്ളവരാണെ*ന്നും, *എന്തിനുള്ള*വരാണെന്നും തിരിച്ചറിയണം. ക്രിസ്ത്യാനികൾ ദൈവത്തെ മഹത്വപ്പെടുത്തുന്നതു സഭയിൽ മാത്രമാണ്. “അവന്നു സഭയിലും ക്രിസ്തുയേശുവിലും എന്നേക്കും തലമുറതലമുറയായും മഹത്വം ഉാകട്ടെ. ആമേൻ” (എഫെസ്യർ 3:21).

“ശരീരം” എന്ന ആശയത്തെ നാം മനസിലാക്കണം. ഒരു കെട്ടിടത്തിലെ കല്ലുകളായും, തോട്ടത്തിലെ വേലക്കാരായും, സൈന്യത്തിലെ പടയാളികളായും ആണ് ദൈവം നമ്മെ പറഞ്ഞിരിക്കുന്നത്. എങ്ങനെയായാലും, ക്രിസ്ത്യാനികളെ തിരുവെഴുത്തിൽ വിളിച്ചിരിക്കുന്ന ഏറ്റവും നല്ല വിശേഷണമാണ് “ശരീരം” (റോമർ 12; 1 കൊരിന്ത്യർ 12; എഫെസ്യർ 4; 1 പത്രൊസ് 3). ശരീരം അത്ഭുതകരമായ ഒരു ഭാഗമാണ്. ഭൂമിയിൽ അതുപോലെ മറ്റൊന്നുമില്ല. അതിനു വിവിധ അവയവങ്ങൾ ഉങ്കെിലും, അവ എല്ലാം തുല്യമാണ്. ശരീരത്തിന്റെ അപ്രധാനമെന്നു തോന്നുന്ന ഭാഗം പോലും ഏറ്റവും അത്യാവശ്യമുള്ളതാണ്. അവയവങ്ങൾ ശരീരത്തിൽനിന്നു വേർപെടുത്തിയാൽ അവയ്ക്കു പ്രവർത്തിക്കുവാൻ സാധ്യമല്ല. അതുപോലെ, സഭ ഒന്നിച്ച് ഒരു ശരീരമായി പ്രവർത്തിച്ചില്ലെങ്കിൽ വലിയ പ്രശ്നങ്ങളുാകും. പ്രത്യേകമായ ആത്മിയ വരങ്ങൾ നൽകിയിട്ടുള്ളത് സഭയാകുന്ന ശരീരത്തിനാണ്, അല്ലാതെ വ്യക്തികൾക്കായിട്ടല്ല. ശരീരത്തിലെ ഒരു അവയവത്തിനു മുറിവേറ്റാൽ അതു ശരീരം മുഴുവൻ ബാധിക്കും. ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ മാത്രമേ സഭ പ്രവർത്തിക്കുന്നുള്ളൂ.

ഒരാൾ ഏതെങ്കിലും സംഘത്തിൽ ചേരുമ്പോൾ, അയാൾ ആ സംഘത്തിന്റെ നിയമാവലികളും ലക്ഷ്യങ്ങളും പാലിക്കണം. “എനിക്ക് ഇഷ്ടമുള്ള

തുപോലെ ഞാൻ ചെയ്യും – അതു മറ്റാരേയും വ്രണപ്പെടുത്തുകയില്ല" എന്നു, ശരീരത്തിന്റെ ഭാഗമെന്ന നിലയിൽ, ആർക്കും പറയുവാൻ സാധ്യമല്ല. ശരീരത്തിലെ ഒരു അവയവം കഷ്ടപ്പെടുമ്പോൾ, ശരീരം മുഴുവൻ കഷ്ടപ്പെടുന്നു. മാംസം എന്റെ സഹോദരനു ഇടർച്ച വരുത്തുമെങ്കിൽ ഞാൻ ഒരുനാളും മാംസം തിന്നുകയില്ല എന്നു പൗലൊസ് പറഞ്ഞിട്ടു് (1 കൊരിന്ത്യർ 8:13). ശരീരത്തിലെ അവകാശങ്ങളും ആവശ്യങ്ങളും വ്യക്തികളുടെമേൽ അധികാരമുള്ളവയാണ്.

**സഭ പ്രാദേശികമാണ്**

സഭ ശരീരമാണ്. സഭ പ്രാദേശികവുമാണ്. പ്രാദേശികസഭക്ക് മിക്കപേരും ചെറിയ പ്രാധാന്യമാണ് കൊടുത്തുവരുന്നത്. മിക്കവരും പ്രാദേശിക സഭയെ അവസാനത്തേതും ചെറുതുമായാണ് കാണുന്നത്. ഉവ്വ്, ഒരു "സർവ്വദേശിയ സഭ" ഉ്. ദൈവത്തിന്റെ "സഭയുടെ വിവരപ്പട്ടിക" സ്വർഗത്തിലാണ് – അതു "കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ" ആണ്. എങ്ങനെയായാലും, നമ്മുടെ ലോകപരമായ ബന്ധം പ്രാദേശികമാണ്. "പ്രാദേശിക" ബന്ധത്തെ നിഷേധിച്ചുകൊ് നിങ്ങൾക്ക് "സർവ്വരക്ഷാവാദ" ബന്ധത്തെ അവകാശപ്പെടുവാൻ സാധ്യമല്ല. ഇന്നത്തെ സമൂഹം സർവ്വരക്ഷാവാദത്തോട് വളരെ ആത്മാർത്ഥമായ അല്ലെങ്കിൽ താല്പര്യമുള്ള മനോഭാവം പുലർത്തുന്നു; പ്രാദേശികത്തെ വളരെ കുറച്ച് മാത്രം ഉപയോഗിക്കപ്പെടുന്നു. പ്രാദേശികരാണ് സർവ്വദേശിയ സഭയിലുള്ളത്. സഭ ഭൂമിയിൽ പ്രാദേശികമായിട്ടാണുള്ളത്. അന്തിമമായി പ്രാദേശിക സഭക്കു പ്രയോജനപ്രദമായി തീരാത്തതൊന്നും ദൈവത്തിന്റേതല്ല! "ആസ്യയിലെ ... ഏഴു സഭകൾ" എന്നതിനെ കുറിച്ച് വെളിപ്പാട് 1:4-ൽ പറയുന്നു്. യെരുശലേമിലേത് പ്രാദേശിക സഭയായിരുന്നു. പുതിയനിയമ സഹോദരന്മാർ ഒരു സ്ഥലത്തുനിന്നു മറ്റൊന്നിലേക്കു പോയപ്പോൾ, അവർ ആദ്യം അന്വേഷിച്ചത് പ്രാദേശികസഭ ആയിരുന്നു.

നമ്മുടെ ദൈവത്തോടൊപ്പം ദിവസേനയുള്ള നടപ്പ് ഒരു "പ്രാദേശിക സഭാ നടപ്പ്" ആണ്. പല സ്ഥലങ്ങളിലും ആരാധനക്ക് ഹാജർ കുറയുന്നതുകൊ്, സഹോദരങ്ങൾ അതിൽ ഉൽക്കണ്ഠപ്പെടാറു്. ദിവസവും വിശ്വസ്തതയോടെ നടക്കുന്ന അംഗങ്ങൾക്കു "സഭാഹാജർ പ്രശ്നങ്ങൾ" ഉാകുന്നില്ല. ഞായറാഴ്ച്ച വരുമ്പോൾ ദൈവം എവിടെയായിരിക്കും? സഭയിൽ! ദൈവവുമായി നടക്കുന്നവർ ഞായറാഴ്ച്ച എവിടെയായിരിക്കും? സഭയിൽ! സർവ്വദേശിയ സഭയിലെ അംഗത്വത്തെക്കാൾ പ്രാദേശിക സഭയിലെ അംഗത്വം കൂടുതൽ പ്രാധാന്യമുള്ളതല്ല. തന്നെത്താൻ വളരുക എന്നതാണ് ഒരു പ്രാദേശിക സഭക്കുവേി ഒരാൾക്ക് ചെയ്യുവാൻ കഴിയാവുന്ന ഏറ്റവും വലിയ കാര്യം. അംഗങ്ങളേക്കാൾ ശ്രേഷ്ഠമാകുവാൻ സഭക്കു കഴിയുകയില്ല. ഒരു സഭ "വലുതായി" തീരുന്നതിന്, അത് "പക്വത കൈവരിക്കണം." ബലഹീനരായ അംഗങ്ങളുമായി ഒരു മഹത്തായ സഭ ഉാകുന്നത് സാധ്യമല്ല. കർത്താവിന്റെ ശരീരത്തിൽ ഓരോരുത്തർക്കും അവരുടേതായ പങ്കു്! നാം ദൈവകൃപയുടെ നല്ല മേൽവിചാരകന്മാരായിട്ടാണ് ദിവസവും നടക്കേത്; അതു സാധ്യമാകുന്നത് പ്രാദേശികസഭയിൽ മാത്രമാണ്. സഭയുടെ ഐക്യത്തേക്കാൾ ഒരാൾ ക്രിസ്തീയ സ്വാതന്ത്ര്യം ആഗ്രഹിച്ചാൽ അയാൾ യേശുവിനേക്കാൾ അധികം തന്നെക്കുറിച്ചാണ് ചിന്തിക്കുന്നത്. ഒരു സഭ സഭയാകുന്നത് മറ്റുള്ളവർക്കുവേി നിലനില്ക്കുമ്പോൾ മാത്രമാണ്. ആർക്കും ഒരേസമയം തന്നെക്കുറിച്ചും

യേശുവിനെക്കുറിച്ചും ചിന്തിക്കുവാൻ സാധ്യമല്ല. മഹാന്മാർ പരസ്യമായി വലിയവരായിരിക്കും, എങ്കിലും രഹസ്യത്തിൽ അവർ അതിലും വലിയവരായിരിക്കും. ക്രിസ്ത്യാനിത്വം ആരംഭിക്കുന്നതും അവസാനിക്കുന്നതും പ്രാദേശികസഭയിലാണ്. പ്രാദേശികസഭയോടു ആഴത്തിലുള്ള സമർ പ്പണം ഉ ാ ക്കു ക. സഭയെ കൂടാതെ യേശു ഒന്നും ചെയ്യുന്നില്ല. പ്രാദേശികസഭയോടു സമർപ്പണമില്ലാതെ ആർക്കും ആത്മിയമായി വളരുവാൻ സാധ്യമല്ല. എനിക്ക് നിങ്ങൾ വേണം ... നിങ്ങൾക്ക് ഞാനും വേണം: അതാണ് സഭ!

**ശിഷ്യത്വം**

ശിഷ്യന്മാരെ കൂടാതെ നിങ്ങൾക്കു കർത്താവിന്റെ സഭ പണിയുവാൻ സാധ്യമല്ല. ശിഷ്യന്മാരില്ലാതെ യേശു അപൂർണ്ണനാകുന്നു. മഹത്തായ ആജ്ഞ നമ്മോടു പറയുന്നത് ശിഷ്യന്മാരെ ഉാക്കുവാനാണ് (മത്തായി 28:18-20). സഭ ഇവിടെ പ്രാഥമികമായി രു കാര്യങ്ങൾ ചെയ്യേ താണ്: (1) ആത്മാക്കളെ രക്ഷിക്കുക (2) വിശുദ്ധന്മാരാക്കുക. സഭ ഇന്ന് അടിസ്ഥാനപരമായി ഇതൊഴിച്ച് മറ്റെല്ലാം ചെയ്യുന്നു! "ശിഷ്യന്മാർക്ക് ആദ്യം അന്ത്യോക്യയിൽ വെച്ച് ശിഷ്യന്മാർ എന്നു പേരുായി" (പ്രവൃത്തികൾ 11:26). ആദ്യസഭ ശിഷ്യന്മാരെ ഉാക്കി; ആധുനിക സഭ ഇന്നു തീരുമാനങ്ങൾക്കു മാത്രം ആവശ്യപ്പെടുന്നു. പ്രാരംഭസഭയിലുള്ളവർ "പൊതുതാല്പര്യക്കാർ" ആയിരുന്നു; ആധുനിക സഭയിലുള്ളവർ "ഉപഭോക്താക്കൾ" മാത്രമാണ്. ക്രൂശിൽ മരിക്കുവാനാണ് യേശു നമ്മെ വിളിക്കുന്നത്. ഇന്നു ആളുകൾ നമ്മെ വിളിക്കുന്നതു നമ്മുടെ ഇഷ്ടം ചെയ്യുവാനാണ്.

> "പിന്നെ അവൻ എല്ലാവരോടും പറഞ്ഞത്, എന്നെ അനുഗമിപ്പാൻ ഒരുത്തൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ നിഷേധിച്ച് നാൾതോറും തന്റെ ക്രൂശ് എടുത്തുംകൊു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, അതിനെ കളയും, എന്റെ നിമിത്തം ആരെങ്കിലും തന്റെ ജീവനെ കളഞ്ഞാലോ അതിനെ രക്ഷിക്കും" (ലൂക്കൊസ് 9:23, 24).

"സ്വയ-മതിപ്പാണ്" ലോകം പഠിപ്പിക്കുന്നത്. സ്വയം-ത്യജിക്കലാണ് ക്രിസ്തു പഠിപ്പിക്കുന്നത്. കടമ, ഭക്തി, സമർപ്പണം, അർപ്പണം, ത്യാഗം എന്നിവയാണ് ശിഷ്യന്മാരാക്കുന്നത്. "അതിൽ എനിക്കായി എന്താണുള്ളത്?" എന്നാണ്, ലോകം ചോദിക്കുന്നത്. ദൈവം നമ്മെ *അവനി*ലേക്കാണ് വിളിക്കുന്നത്. സമൂഹത്തിൽകൂടെയാണ് ലോകത്തിന്റെ രക്ഷ വ്യാപിക്കുന്നത്. നമുക്ക് ഒരു ശുശ്രൂഷ മാത്രമല്ല *ഉള്ളത്* - നാം ഒന്ന*ാണ്* (1 പത്രൊസ് 4:10, 11). കായികവിനോദത്തിൽ ഏർപ്പെടുന്ന കളിക്കാരോടു നാം തുടർച്ചയായി ഓർമ്മിപ്പിക്കുന്നത് ഒന്നു മാത്രമാണ്: "നിങ്ങളുടെ സ്ഥാനത്തു കളിക്കുക." ഓരോ അംഗവും തന്റെ പങ്ക് നിർവ്വഹിക്കുന്നതാണ് ഓരോ പ്രാദേശികസഭയുടെയും ആവശ്യം. ഒരാൾക്ക് തന്നെ കത്തെുവാൻ, അയാൾ തന്നെ നഷ്ടപ്പെടുത്തണം.സ്വയ-നിവർത്തീകരണത്തിൽ ശ്രദ്ധിക്കുന്നവർക്ക് ഈ സത്യം ഉൾക്കൊള്ളുവാൻ പ്രയാസമാണ്. ശിഷ്യന്മാർ മരിക്കുന്നതു ജീവിക്കുവാനാണ് (1 കൊരിന്ത്യർ 15:31). സഭയിലെ ഓരോ അംഗവും പുരോഹിതനും ശുശ്രൂഷകനുമാണ്. ഒന്നിച്ചുള്ളത് അതിന്റെ ഭാഗങ്ങളേക്കാൾ എപ്പോഴും വലുതായിരിക്കും. അംഗങ്ങ

ളെല്ലാം ശിഷ്യന്മാരായി തീരാതെ സഭ ഒരിക്കലും ഒന്നും ചെയ്യുകയില്ല. ആദ്യ സഭക്ക് ആത്മസമർപ്പണമാണുായിരുന്നത്; എന്നാൽ ആധുനികസഭക്കു കമ്മി റ്റികളാണുള്ളത്.

"അവശേഷിക്കുന്നവ" കൊ് നിങ്ങൾക്ക് ഒരു സഭ ആരംഭിക്കുവാൻ സാധ്യമല്ല. "അവസാനത്തേതും ചെറുതു"മായി ദൈവത്തെ താഴ്ത്താവുന്നത ല്ല. "ശരീരം" എന്ന ആശയം കണക്കുകൊടുക്കലിനുള്ള ഉത്തരവാണ് സൂചി പ്പിക്കുന്നത്. ''ക്രിസ്തുവിന്റെ സഭ'' ''എന്റെ സഭ'' ആയും തീരണം. "ഓരോ-ആഴ്ച്ചയിലും-ഒരു-മണിക്കൂർ ആരാധിക്കുന്ന ഒരു സമൂഹം" എന്ന പോലെ സഭയെ ചുരുക്കരുത്. പുറം ലോകം സഭ എന്നത് ഒന്നിച്ചു കൂടുന്നതിന്റെയും സംഭവങ്ങളുടെയും പരമ്പരയായി കാണുവാൻ ആഗ്രഹി ക്കുന്നു. പ്രാരംഭസഭ സഭയെ കതു അവരുടെ ജീവിതമായിട്ടാണ്. റിച്ചാർഡ് നിയെബുർ അവകാശപ്പെട്ടു, "ക്രൂശില്ലാത്ത ക്രിസ്തുവിന്റെ ശുശ്രൂഷ മുഖാ ന്തരം കോപമില്ലാത്ത ദൈവം പാപമില്ലാത്ത മനുഷ്യരെ ന്യായവിധിയില്ലാത്ത രാജ്യത്തിലേക്ക് കൊുവരുന്നു."[1] ഇന്നത്തെ അബദ്ധം ഇതാണ്. ബൈബി ൾ പ്രകാരമുള്ള സഭയിൽ, "ഞാൻ സ്വന്തമായിരിക്കുകയും," "ഞാൻ സ്നേഹി ക്കുകയും സ്നേഹിക്കപ്പെടുകയും" ചെയ്യുന്നു. ഇന്നു സഭ വിചാരിക്കുന്നത് ലോകത്തെ രക്ഷിക്കുവാൻ മറ്റൊരു ചികിത്സാ രീതി അല്ലെങ്കിൽ രാഷ്ട്രീയ സ്വാധീനം ഉങ്കെിൽ സാധിക്കുമെന്നാണ്. സുവിശേഷം പ്രസംഗിക്കുവാനും സുവിശേഷത്താൽ ജീവിക്കുവാനുമാണ് സഭയെ വിളിച്ചിരിക്കുന്നത്. ദി വസത്തിൽ ഒരിക്കൽ ... *വിശ്വസ്തരായിരിക്കുക.*

ഞാൻ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. എന്നെ "സഭയിൽ വളർത്തപ്പെ ടുകയും" സഭയെ സ്നേഹിച്ചു ജീവിക്കുവാൻ പഠിപ്പിക്കുകയും ചെയ്തു. എന്റെ ജീവിതത്തിലുടനീളം എനിക്ക് "മാറ്റമില്ലാത്ത" തായി ട്ടുള്ളത് സഭ മാത്ര മാണ്. സഭയെ കൂടാതെ ആളുകൾ എന്തു ചെയ്യും?

***വന്ന്, എന്നോടുകൂടെ നടക്കുക.***

---

കുറിപ്പ്

[1]എച്ച്. റിച്ചാർഡ് നിയേബുർ, *ദ കിങ്ഡം ഓഫ് ഗോഡ് ഇൻ അമേരിക്ക* (ന്യുയോർക്ക്: ഹാർപ്പർ & റോ, 1959), 193.